WEBSITE : www.keralapsc.gov.in                                                                                Telephone : 0483- 2734308
E-MAIL: domlp.psc@kerala.gov.in

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, മലപ്പുറം

**സോപാധിക ചുരുക്കപ്പട്ടിക നമ്പർ : 23/2022/DOM**                                                    മലപ്പുറം
Category No:093/2022                                                                                  14.11.2022

## വിജ്ഞാപനം

16.04.2022 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം **മലപ്പുറം ജില്ലയിലെ വനം വന്യജീവി വകുപ്പിൽ 20000-45800/- രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ** (ഉപജീവനത്തിനു വേണ്ടി വനത്തെ ആശ്രയിച്ചു കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) Part-II (വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കായി സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേക്കുള്ള നിയമനം) (കാറ്റഗറി നമ്പർ : 093/2022) തസ്തികയുടെ തെരെഞ്ഞെടുപ്പിലേക്കായി സാധുവായ അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളിൽ, **03/09/2022 തീയതിയിൽ നടന്ന ഒ. എം. ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ ശാരീരിക അളവെടുപ്പ്, കായിക ക്ഷമതാ പരീക്ഷ** എന്നിവയ്ക്ക് വിളിക്കപ്പെടാൻ സോപാധികമായി അർഹത നേടിയവരുടെ രജിസ്റ്റർ നമ്പർ ഉൾപ്പെടുത്തിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ സംഖ്യാ ക്രമത്തിലാണ് സോപാധിക ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പട്ടികയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

## പുരുഷന്മാർ

### ലിസ്റ്റ് - I : SSLC വിജയിച്ചവർ

| | | | | | |
|---|---|---|---|---|---|
| 110646 | 110959 | | | | |

### ലിസ്റ്റ് - II : SSLC കോഴ്സ് പൂർത്തിയാക്കിയവർ

| | | | | | |
|---|---|---|---|---|---|
| 110653 | | | | | |

**താഴെ കൊടുത്തിരിക്കുന്ന രജിസ്റ്റർ നമ്പറിലുള്ള ഉദ്യോഗാർത്ഥികളുടെ ഫലം മതിയായ രേഖകളുടെ അഭാവത്തിൽ തടഞ്ഞു വെച്ചിരിക്കുന്നു. ഇവർ ആവശ്യമായ സർട്ടിഫിക്കറ്റുകളും രേഖകളും 18/11/2022 തീയതിക്കുള്ളിൽ തങ്ങളുടെ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം അവരെ അന്തിമ ചുരുക്കപ്പട്ടികയിൽ നിന്നും ഒഴിവാക്കുന്നതായിരിക്കും.**

## പുരുഷന്മാർ

### ലിസ്റ്റ് - I : SSLC വിജയിച്ചവർ

| | | | | | |
|---|---|---|---|---|---|
| 110760 | 110786 | 110822 | 110868 | 110999 | 111037 |
| 111048 | 111117 | | | | |

<u>**സ്ത്രീകൾ**</u>

| | | | | | |
|---|---|---|---|---|---|
| 110535 | | | | | |

**കുറിപ്പ് :-**

1. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനക്കും നിരുപാധിക സ്വീകാര്യതക്കും വിധേയമായി തീർത്തും സോപാധികമായിട്ടാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങൾ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2. **03/09/2022 തീയതിയിലെ ഒ. എം. ആർ പരീക്ഷ എഴുതിയ അർഹരായ മുഴുവൻ ഉദ്യോഗാർത്ഥികളെയും സോപാധിക ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

3. കായികക്ഷമതാ പരീക്ഷ, ശാരീരിക അളവെടുപ്പ് എന്നിവയിൽ പങ്കെടുത്ത് വിജയിക്കുന്നവരെ മാത്രമേ തെരെഞ്ഞടുപ്പ് പ്രക്രിയയുടെ അടുത്ത ഘട്ടമായ വൺ ടൈം വെരിഫിക്കേഷനും ഇന്റർവ്യൂവിനും പരിഗണിക്കുകയുള്ളൂ. ഇന്റർവ്യൂവിൽ പങ്കെടുത്ത് യോഗ്യത നേടുന്നവരെ മാത്രം ഉൾപ്പെടുത്തിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്.

4. കായികക്ഷമതാ പരീക്ഷക്ക് ഹാജരാകുന്നതിനുള്ള സ്ഥലം, തീയതി, സമയം എന്നിവ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് വ്യക്തിഗത അറിയിപ്പ് SMS/പ്രൊഫൈൽ മെസേജ് നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള പേര്, വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി, വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളാണെന്നതും വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളതും സംബന്ധിച്ച റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഫോറം - 1 സാക്ഷ്യപത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ്, അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള എൻ. സി. സി / സ്പോർട്സ് മുതലായവയുടെ സർട്ടിഫിക്കറ്റുകൾ എന്നിവ കായികക്ഷമതാ പരീക്ഷാ സമയത്ത് ഹാജരാക്കേണ്ടതാണ്.

കമ്മീഷന്റെ ഉത്തരവിൻ പ്രകാരം

**സുധീന്ദ്രൻ. എം**
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, മലപ്പുറം

വിതരണാനുമതി നൽകുന്നത്

സെക്ഷൻ ഓഫീസർ